ഭരണഭാഷ-മാതൃഭാഷ

ചീഫ് എൻജിനീയറുടെ കാര്യാലയം
തദ്ദേശസ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക്ക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
TeleFAX:0471-2324951
email: celsgd@gmail.com
website: www.celsgd.com

നം: ഇ14/3530/2014/സിഇ/തസ്വഭവ. തീയതി: 11.05.2016

## സർക്കുലർ

വിഷയം:- തസ്വഭവ (എഞ്ചിനീയറിംഗ് വിഭാഗം) - ജീവനക്കാര്യം - പി.ഐ.യു ലെ ജീവനക്കാർക്ക് ശമ്പളം ലഭ്യമാക്കുന്നത് - സംബന്ധിച്ച്

സൂചന:- ജി.ഒ (ആർ.റ്റി) നം. 3840/16/ഫിൻ തീയതി 26.04.2016

സൂചനയിലേക്ക് സർക്കാർ ഉത്തരവ് പ്രകാരം എൽ.എസ്.ജി.ഡി ചീഫ് എഞ്ചിനീയർ കൺട്രോളിംഗ് ഓഫീസർ ആയ 2515-00-001-91-Salaries (Supervision) എന്ന ശീർഷകത്തിൽ നിന്ന് കെ.എസ്.ആർ.ആർ.ഡി.എ യുടെ നിയന്ത്രണത്തിലുള്ള 14 ജില്ലാതല പ്രോഗ്രാം ഇംപ്ലിമെന്റേഷൻ യൂണിറ്റ് (പി.ഐ.യു) വിലെ ജീവനക്കാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിന് ഉത്തരവായിട്ടുണ്ട്. ഈ ഇനത്തിൽ പി.ഐ.യു ലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ മേൽപ്പറഞ്ഞ ശീർഷകത്തിന്റെ Drawing & Disbursing Officer ആയും നിയമിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും വാങ്ങുന്നതിന് താഴെപ്പറയുന്ന കാര്യങ്ങൾ ഡി.ഡി.ഒ മാർ ഉടൻ ചെയ്യേണ്ടതാണ്.

1) ഡി.ഡി.ഒ., അപേക്ഷയും, സർക്കാർ ഉത്തരവിന്റെ പകർപ്പും ബന്ധപ്പെട്ട ട്രഷറിക്ക് നൽകി, ട്രഷറി ബിൽ ബുക്ക് കൈപ്പറ്റേണ്ടതാണ്. ട്രഷറികൾക്ക് നിർദ്ദേശം നൽകുന്നതിനായി സർക്കാരിനും ട്രഷറി ഡയറക്ടർക്കും ഈ ഓഫീസിൽ നിന്നും കത്ത് നൽകിയിട്ടുണ്ട്.
2) ഇപ്പോൾ ശമ്പളം വാങ്ങുന്ന പ്രോജക്ട് ഡയറക്ടറുടെ ഓഫീസിൽ നിന്നും ജീവനക്കാരുടെ എൽ.പി.സി. വാങ്ങേണ്ടതാണ്. അതിന്റെ ഒറിജിനൽ ബില്ലിനോടൊപ്പവും ഗസറ്റഡ് ഓഫീസർമാരുടെ എൽ.പി.സി. യുടെ ഡ്യൂപ്ലിക്കേറ്റ് അക്കൗണ്ടന്റ് ജനറൽ, തൃശ്ശൂരിന് നൽകേണ്ടതാണ്.
3) പരമാവധി 3 മാസം വരെ മാത്രമേ ഗസറ്റഡ് ഉദ്യോഗസ്ഥർക്ക് എൽ.പി.സി മുഖേന ശമ്പളം ലഭ്യമാവുകയുള്ളൂ. ആയതിനാൽ ഗസറ്റഡ് ഉദ്യോഗസ്ഥരുടെ പേ സ്ലിപ്പ് ലഭിക്കുന്നതിനായി ഡി.ഡി.ഒ മാർ അക്കൗണ്ടന്റ് ജനറലിന് കത്ത് നൽകേണ്ടതാണ്.
4) ജീവനക്കാരുടെ വിവരങ്ങൾ SPARK ൽ ഉൾപ്പെടുത്തേണ്ടതുണ്ട്. അതിനാൽ ജീവക്കാരുടെ പെൻ നമ്പർ, എൽ.പി.സി. യുടെ കോപ്പി എന്നിവ സഹിതം SPARK ന്റെ ഡിസ്ട്രിക്റ്റ് ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. SPARK ന്റെ തിരുവനന്തപുരത്തെ ഹെഡ് ഓഫീസിന്റെ ഫോൺ നമ്പർ 0471-2579700.
5) സർക്കാർ ഉത്തരവ് തീയതി മുതലുള്ള ശമ്പളം ടി ശീർഷകത്തിൽ നിന്നും മേൽ നിർദ്ദേശ പ്രകാരം പിൻവലിക്കാവുന്നതാണ്.

മേൽ പറഞ്ഞ നിർദ്ദേശങ്ങൾ നടപ്പാക്കേണ്ടതും ശമ്പളം അടിയന്തിരമായി ട്രഷറി വഴി വാങ്ങുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

ചീഫ് എൻജിനീയർ

പകർപ്പ്:- 1) ചീഫ് എൻജിനീയർ കെ.എസ്.ആർ.ആർ.ഡി.
2) പി.ഐ.യു ലെ എല്ലാ എക്സിക്യൂട്ടീവ് എൻജിനീയർമാർക്കും അറിവിലേക്കും, തുടർനടപടികൾക്കുമായി